പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2232 11/06/2018-ൽ മറുപടിയ്ക്ക്

## ജുവനൈൽ ജസ്റ്റിസ് ആക്ട്

| ചോദ്യം<br>ശ്രീ.പി.ടി.എ റഹീം | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സംരക്ഷണവും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ നിർവ്വചനത്തിൽ ഉൾപ്പെടാനുള്ളതും ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങളെ ഒഴിവാക്കി പ്രസ്തുത ആക്ടിന്റെ റൂളുകളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സംരക്ഷണവും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ നിർവ്വചനത്തിൽ ഉൾപ്പെടാനുള്ളതും ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്നതുമായ സ്ഥാപനങ്ങളെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) ഇത് സംബന്ധിച്ച കേരള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ഉണ്ട്. ഹൈക്കോടതി വിധി അനുസരിച്ച് എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും ജുവനൈൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ